**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2548** **17.08.2017 ൽ മറുപടിയ്ക്ക്**

**സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി മരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിമരുന്ന് ഉപയോഗം വളരെ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്കൂൾ/ കോളേജ് തലങ്ങളിൽ ലഹരി മരുന്ന് ഉപയോഗം ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കൂൾ, കോളേജ് തലങ്ങളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ലഹരി വിരുദ്ധ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളെ ബോധവാന്മാരാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | എക്സൈസ്വകുപ്പിൽ അംഗബലം പരിമിതമായതിനാൽ എല്ലാ സ്കൂൾ, കോളേജ് തലങ്ങളിലും ആഴ്ചയിൽ ഒരു ദിവസം വീതം ലഹരി വിരുദ്ധ ക്യാംപുകൾ സംഘടിപ്പിക്കുക എന്നത് പ്രായോഗികമായി കഴിയുന്നതല്ല.<br>എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂൾ/ കോളേജുകൾ കേന്ദ്രീകരിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br>സംസ്ഥാനത്ത് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ടി ക്ലബ്ബുകൾ വഴി സ്കൂൾ/ കോളേജ് തലങ്ങളിൽ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തിയുടെ ഭാഗമായി സ്കൂൾ/ കോളേജ് തലങ്ങളിൽ ലഹരിക്കെതിരായ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച വരുന്നു. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ എക്സൈസിന്റെ സ്ക്വാഡുകളെ സ്ഥിരമായി നിയമിക്കാൻ സംവിധാനം ഉണ്ടാക്കുമോ എന്നറിയിക്കാമോ? | (സി) | കേരളത്തിലെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ എക്സൈസ് സ്ക്വാഡുകൾ നിരന്തരമായി രഹസ്യ നിരീക്ഷണം നടത്തി കേസുകൾ കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. സ്കൂൾ/കോളേജുകളുടെ എണ്ണം കൂടുതലായതിനാലും, എക്സൈസ് വകുപ്പിന്റെ നിലവിലുള്ള അംഗബലം അപര്യാപ്തമായതിനാലും എക്സൈസിന്റെ സ്ക്വാഡുകൾ എല്ലാ സ്കൂൾ, കോളേജ് പരിസരങ്ങളിലും സ്ഥിരമായി നിയമിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ